# പണ്ഡിതരാജൻ
# തൃക്കോവിൽ രാമവാരിയർ

*ഡോ. ഭാരതി കെ.*

*അജ്ഞാനതിമിരാന്ധസ്യ ജ്ഞാനാഞ്ജനശലാകയാ*
*ചക്ഷുരുന്മീലിതം യേന തസ്മൈ ശ്രീ ഗുരവേ നമഃ*

മുറ്റത്തെ മുല്ലയ്ക്ക് മണമില്ല എന്നൊരു ചൊല്ലുണ്ടല്ലോ, അതുപോലെയാണ് ആ മുല്ലയുടെ മണം ആസ്വദിച്ചറിയുവാൻ മിനക്കെടാത്ത എന്റേയും കഥ. ഋഷിതുല്യനായ ഭിഷഗ്വരൻ, പണ്ഡിതരാജൻ എന്നൊക്കെ അറിയപ്പെടുന്ന എന്റെ അച്ഛന്റെ മഹത്വം പൂർണ്ണമായി അറിയാനോ ആ പാണ്ഡിത്യം പകർന്നെടുക്കുവാനോ അവസരമുണ്ടായിട്ടും ശ്രമിയ്ക്കാതെ പോയ മകൾ.

കൊല്ല വർഷം 1072 മീനമാസത്തിൽ തൃക്കേട്ട നക്ഷത്രത്തിൽ (1897 മാർച്ച് മാസം) തെക്കേ മലബാറിൽ ഷൊർണൂരിൽ തൃക്കോവിൽ വാരിയത്ത് ഇട്ണൂലി എന്ന പേരോടുകൂടിയ കുട്ടിവാസ്യാരുടേയും പുതുമന കൃഷ്ണൻ നമ്പൂതിരിയുടേയും പുത്രനായിട്ടായിരുന്നു രാമവാരിയരുടെ ജനനം. കഴകപ്രവൃത്തിയെ മാത്രം ആശ്രയിച്ചുകഴിയുന്ന ഒരു സാധാരണ കൂട്ടുകുടുംബം. അക്കാലത്തെ സമ്പ്രദായം അനുസരിച്ച് നിലത്തെഴുത്തും പ്രാഥമികവിദ്യാഭ്യാസവും അമ്മാവൻ അച്ചു വാര്യരുടെ കീഴിലായിരുന്നു അഭ്യസിച്ചത്. സ്കൂളിൽ പോയിട്ടുള്ള വിദ്യാഭ്യാസമൊന്നും അന്ന് സാധാരണമായിരുന്നില്ല.

പതിമൂന്നു വയസ്സായപ്പോൾ കൊച്ചി കോവിലകം വൈദ്യനായിരുന്ന അമ്മാമൻ ഉഴുത്രവാരിയരോടൊപ്പം തൃപ്പൂണിത്തുറയിൽ എത്തുകയും അദ്ദേഹത്തിന്റെ കീഴിൽ ആയുർവേദപഠനം ആരംഭിക്കുകയും ചെയ്തു. വളരെ വേഗത്തിൽ തന്നെ അഷ്ടാംഗഹൃദയം ഹൃദ്യസ്ഥമാക്കി രോഗികളെ ചികിത്സിക്കുവാൻ അമ്മാമനോടൊപ്പം പോകുവാൻ തുടങ്ങി. അമ്മാമന് സ്വഗൃഹത്തിൽ വന്നു പഠിക്കുവാൻ വലിയൊരു ശിഷ്യസഞ്ചയം തന്നെ ഉണ്ടായിരുന്നു. പേരുകേട്ട വൈദ്യനായിരുന്നതുകൊണ്ട് ധാരാളം രോഗികൾ ചികിത്സയ്ക്കും എത്തിയിരുന്നു. പണ്ഡിതനായ ഈ അമ്മാമന്റെ കൂടെയുള്ള താമസവും ശിക്ഷണവും ഭാവിയിൽ രാമവാരിയർക്ക് വളരെ ഗുണം ചെയ്തു.

1926 ൽ തൃപ്പൂണിത്തുറ സംസ്കൃത പാഠശാലയിൽ വൈദ്യവിഭാഗം ആരംഭിച്ചതോടുകൂടി അമ്മാമൻ ഉഴുത്രവാരിയർ അവിടെ അധ്യാപകനായി നിയമിതനായി. 1932 ൽ അദ്ദേഹത്തിന്റെ നിര്യാണത്തോടുകൂടി രാമവാര്യരുടെ വൈദ്യശാസ്ത്രത്തിലെ പ്രാവീണ്യം കണ്ടറിഞ്ഞിരുന്ന മഹാരാജാവ് അദ്ദേഹത്തെ തന്നെ പാഠശാലയിൽ വൈദ്യവിഭാഗം അദ്ധ്യാപകനായി നിയമിക്കുകയാണുണ്ടായത്. 1955 ൽ വിരമിക്കുന്നതുവരെ അവിടെ അദ്ധ്യാപകനായി തുടർന്നു. പാഠശാലയിൽ ഉണ്ടായിരുന്ന വിദ്യാർത്ഥികൾ അല്ലാതെ പലരും ഗൃഹത്തിൽ വന്നും വൈദ്യം പഠിച്ചിരുന്നു. ശ്രീ. പരമേശ്വര ചാക്യാർ, ഹരി എമ്പ്രാന്തിരി, ഇളമന ഹരി, മരുമകൻ ശങ്കരൻ, ഡോ. രാമചന്ദ്രൻ, ഡോ. ഭാസ്കരൻ തുടങ്ങി പ്രഗത്ഭരായ പലരും. അദ്ദേഹത്തിന്റെ അദ്ധ്യാപനരീതി വളരെ പ്രത്യേകതയുള്ളതായിരുന്നു. പാഠങ്ങൾ ഹൃദ്യസ്ഥമായിരുന്നതിനാൽ പുസ്തകങ്ങളുടെ ആവശ്യമുണ്ടായിരുന്നില്ല.

പാഠശാലയിൽ നിന്നും വിരമിച്ചതിനുശേഷം രാജകുടുംബാംഗങ്ങളായ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ചിരുന്ന കളിക്കോട്ടയിൽ കുറച്ചുകാലം അദ്ധ്യാപകനായിരുന്നു. ആ സ്ഥാപനം പിന്നീട് ഗവൺമെന്റിലേയ്ക്ക് ഏറ്റെടുക്കുകയും അവിടെനിന്നും വിരമിപ്പോൾ കൊട്ടാരം വൈദ്യനായി രാജകുടുംബാംഗങ്ങളെ ചികിത്സിക്കാനും രാമവാരിയർ നിയമിതനായി. രാജകുടുംബാംഗങ്ങളുമായുണ്ടായ ഈ അടുപ്പം രാമവാരിയർക്ക് കുറച്ചൊന്നുമല്ല സഹായകമായിട്ടുള്ളത്.

ഉപജീവനമാർഗ്ഗം വൈദ്യമായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ വിജ്ഞാനതൃഷ്ണ വൈദ്യശാസ്ത്രത്തിൽ ഒതുങ്ങി നിന്നിരുന്നില്ല. 1914 ൽ സംസ്കൃതപാഠശാല ആരംഭിച്ചപ്പോൾത്തന്നെ പേരുകേട്ട ന്യായപണ്ഡിതനായ മാന്തിട്ട കുഞ്ചു നമ്പൂതിരിയുടെ ശിഷ്യനായി ന്യായവിഭാഗത്തിൽ വിദ്യാർത്ഥിയായി ചേർന്നു. പ്രശസ്തമായ രീതിയിൽ തന്നെ ന്യായഭൂഷണം എന്ന ബിരുദം പാസ്സാവുകയും ചെയ്തു. സംസ്കൃത പാഠശാലയിൽ കൊല്ലംതോറും നടത്തിവന്നിരുന്ന വാക്യാർത്ഥസദസ്സിൽ സ്ഥിരവും സജീവവുമായ ഒരു പങ്ക് വഹിച്ചിരുന്നു. സേതുമാധവ ദീക്ഷിതർ, അച്ചുത പൊതുവാൾ, സി. കെ. രാമൻ നമ്പ്യാർ തുടങ്ങി പ്രഗത്ഭരായ പല പണ്ഡിതന്മാരും ഈ സദസ്സുകളിൽ പങ്കെടുത്തിരുന്നു. ശ്രീ. രാമവാരിയർക്ക് ന്യായശാസ്ത്രത്തിലുള്ള പാണ്ഡിത്യത്തെ വിലയിരുത്തി പരീക്ഷിത്തു മഹാരാജാവ് അദ്ദേഹത്തെ പണ്ഡിതരാജൻ എന്ന ബിരുദം നൽകി ആദരിക്കുകയുണ്ടായി. വാക്യാർത്ഥസദസ്സുകളിൽ പങ്കെടുക്കുന്നതിനായി പുരി, ശൃംഗേരി, കാഞ്ചി, ഉജ്ജയിനി തുടങ്ങിയ ദൂരസ്ഥലങ്ങളിലേക്കും പോയിട്ടുണ്ട്. ശൃംഗേരി ശങ്കരാചാര്യരുടെ ഗണപതി വാക്യാർത്ഥസദസ്സിൽ പങ്കെടുത്ത് ശ്രേഷ്ഠനൈയായികനുള്ള സുവർണ്ണ മുദ്രയും നേടി.

ഗുരുനാഥനായ മാന്തിട്ട നമ്പൂതിരി വിരചിച്ച നവരത്നമാലിക എന്ന ഗ്രന്ഥത്തിന് ഒരു ടിപ്പണി എഴുതി തയ്യാറാക്കുന്നതിനുവേണ്ടി പരിക്ഷിത്തു തമ്പുരാന്റെ നിർദ്ദേശപ്രകാരം അച്ചുതപൊതുവാൾ, രാമൻ നമ്പ്യാർ എന്നിവരോടൊപ്പം പ്രയത്നിച്ചു. കൊട്ടാരത്തിലും സ്വഗൃഹത്തിലുമായി മിക്ക ദിവസങ്ങളിലും നടന്നിരുന്ന സുഹൃത്സമാഗമം ഒരു ശാസ്ത്രവിചിന്തനത്തിനുള്ള വേദി തന്നെ ആയിരുന്നു.

ഒരു വൈദ്യനെന്ന നിലയിലുള്ള രാമവാരിയരുടെ കഴിവ് ഏറെ പ്രകീർത്തിയ്ക്കപ്പെട്ടിരുന്നു. *ദക്ഷസ്തീർത്ഥാത്തശാസ്ത്രാർത്ഥോ ദൃഷ്ട കർമ്മാ ശുചിർഭിഷക്* എന്നു പറയപ്പെട്ടിട്ടുള്ള ഒരു വൈദ്യനുവേണ്ട എല്ലാ ഗുണങ്ങളും ചേർന്ന ഒരു വ്യക്തിയാണ് രാമവാരിയർ. സമർത്ഥനായ ഋഷി തുല്യനായ അമ്മാമനിൽ നിന്നും ശാസ്ത്രാർത്ഥം ഗ്രഹിച്ച് അദ്ദേഹത്തിന്റെ ചികിത്സകൾ ധാരാളം കണ്ട് ബാഹ്യമായും ആന്തരമായും ശുദ്ധനായി കർമ്മകുശലനായ ഒരു വൈദ്യനായിത്തീർന്നു. സൗമ്യമായ ചികിത്സാ

രീതിയാണ് സ്വീകരിച്ചിരുന്നത്. ശോധനചികിത്സയേക്കാൾ ശമനചികിത്സയിലായിരുന്നു താൽപര്യം. രസാദികളുടെ പ്രയോഗം അധികവും വർജ്ജിച്ചിരുന്നു. സ്നേഹപാനം തുടങ്ങിയവയിലും വലിയ താൽപര്യമുണ്ടായിരുന്നില്ല. രോഗനിർണ്ണയത്തിലുള്ള കഴിവും അസാധാരണമായിരുന്നു. ചികിത്സയെ ഉപജീവനത്തിനുള്ള മാർഗ്ഗമായി സ്വീകരിയ്ക്കാമെങ്കിലും ധനസമ്പാദനമാർഗ്ഗമായി കണക്കാക്കരുതെന്ന് നിർബന്ധമായിരുന്നു. സ്വന്തം ചികിത്സയ്ക്ക് ഫലമുണ്ടാകണമെങ്കിൽ സ്വയം മരുന്നുകൾ ഉണ്ടാക്കണമെന്നു കരുതി ഗുരുനാഥന്റെ സ്മരണയ്ക്കായി ശ്രീ രുദ്രവിലാസം വൈദ്യമന്ദിരം എന്ന പേരിൽ ഒരു വൈദ്യശാലയും ആരംഭിക്കുകയുണ്ടായി. ഓരോ മരുന്നിനും നിർമ്മാണച്ചിലവ് കണക്കാക്കി മാത്രം വില നിശ്ചയിച്ചിരുന്നത്. മരുന്നുകളിൽ ചേർക്കേണ്ട ചേരുവകൾ വിലപ്പെട്ടവയാണെങ്കിലും ഒട്ടും കുറവു വരുത്തുവാൻ ഒരുക്കമായിരുന്നില്ല.

*ക്വചിദ്ധർമ്മ : ക്വചിന്മിത്രം ക്വചിദർത്ഥ: ക്വചിദ്യശ:* ചികിത്സകൊണ്ട് ചിലപ്പോൾ ധർമ്മപ്രാപ്തി, ചിലപ്പോൾ മിത്രപ്രാപ്തി, ചിലപ്പോൾ ധനപ്രാപ്തി, ചിലപ്പോൾ യശസ്സ്, ഇതൊന്നുമില്ലെങ്കിലും ചികിത്സകൊണ്ട് പരിചയം സിദ്ധിക്കുന്നു എന്നതായിരുന്നു സ്വാഭിപ്രായം.

ഈ ഋഷിതുല്യത സ്വജീവിതത്തിലും പ്രായോഗികമാക്കിയിരിക്കുന്നു. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് പുലരുന്നതുവരെയുള്ള നാമജപാദികൾ കഴിഞ്ഞ്, സ്നാനം ക്ഷേത്രദർശനം മുതലായവയും കഴിഞ്ഞ്, പശുവിനും ഭക്ഷണം കൊടുത്തുകഴിഞ്ഞേ ജലപാനം കൂടി സ്വയം നിർവ്വഹിക്കുകയുള്ളു. പൊക്കം കുറഞ്ഞ് കുടുമ കെട്ടിവെച്ച് അധികം ഇറക്കമില്ലാത്ത മുണ്ടുടുത്ത് ക്ഷേത്രത്തിൽ പോകുന്ന ശ്രീ വാരിയരുടെ രൂപം അക്കാലത്തെ സമീപവാസികൾക്കൊക്കെ പരിചിതമായിരിക്കും. പ്രശാന്തമായ മുഖം, വിനയാന്വിതമായ പെരുമാറ്റം, മിതഭാഷണം തുടങ്ങി ആരും ആദരിക്കുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. വാര്യർ. *ആത്മവത് സതതം പശ്യേദപി കീടപിപീലികാം* എന്ന ആപ്തവാക്യം അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്നു. ചികിത്സിയ്ക്കുന്ന രോഗികളോടു മാത്രമല്ല ചുറ്റുമുള്ള സകല ജീവജാലങ്ങളോടും സഹാനുഭൂതിയോടുകൂടിയുള്ള പെരുമാറ്റം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. പാമ്പ്, കീരി, പൂച്ച, നായ, എലി എല്ലാം യഥേഷ്ടം വിഹരിച്ചിരുന്ന ഒരു ആശ്രമം തന്നെയായിരുന്നു അദ്ദേഹത്തിന്റെ ഗൃഹം.

ശുദ്ധാശുദ്ധങ്ങൾ ആചരിയ്ക്കുന്നതിൽ നിർബന്ധബുദ്ധിയായിരുന്ന രാമവാരിയർ അതേ നിർബന്ധം മറ്റുള്ളവരുടെ വിദ്യാഭ്യാസകാര്യത്തിലും കാണിച്ചിരുന്നു. സ്ത്രീവിദ്യാഭ്യാസം സാധാരണമല്ലാതിരുന്ന കാലത്തു പോലും സ്ത്രീപുരഷഭേദമന്യേ മക്കൾക്കും മരുമക്കൾക്കും പുറമേ മറ്റു പല ബന്ധുക്കൾക്കും താമസിച്ചു പഠിയ്ക്കുന്നതിനുള്ള ഒരു ക്ഷേത്രമായിരുന്നു അദ്ദേഹത്തിന്റെ ഗൃഹം. അദ്ദേഹത്തിന്റെ തണലിൽ താമസിച്ച് വിദ്യാഭ്യാസം നേടിയ എല്ലാവരുംതന്നെ താന്താങ്ങളുടെ ജീവിതപാതയിൽ വിജയം കൈവരിച്ചിട്ടുമുണ്ട്.

തൃശ്ശൂർ ജില്ലയുടെ വടക്കെ അറ്റത്തുള്ള പൈങ്കുളം വില്ലേജിൽ കിഴക്കേപ്പാട്ടുവാരിയത്തെ കാളിക്കുട്ടിയെ ആണ് അദ്ദേഹം ധർമ്മപത്നിയാക്കിയത്. കെട്ടുകല്യാണമെന്ന ആചാരത്തിന് വിധേയയാകുന്നതിനുമുമ്പുള്ള ഒരു കന്യകയെ വേണം തനിയ്ക്കു വിവാഹം ചെയ്യുവാൻ എന്നു കരുതി പതിമൂന്നു വയസ്സിൽതന്നെ അവരെ വിവാഹം ചെയ്യുകയായിരുന്നു. വിവാഹത്തിനുശേഷം സ്വഗൃഹത്തിൽ എത്തിയ അവരെ സംസ്കൃതത്തിൽ വിദുഷിയാക്കുന്നതിനും രാമവാരിയർ ശ്രദ്ധിച്ചു. ആ ദാമ്പത്യത്തിൽ അവർക്ക് ഏഴു പുത്രിമാരും മൂന്നു പുത്രന്മാരും ഉണ്ടായി.

മക്കളെല്ലാം നല്ലനിലയിലായതിനുശേഷം കുടുംബത്തോടും ലോകത്തോടും തനിയ്ക്കുള്ള കടപ്പാടുകളെല്ലാം നിർവ്വഹിച്ചുകഴിഞ്ഞു എന്ന തോന്നലുണ്ടായപ്പോൾ തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്ന വാരിയർ ജീവിതാവസാനം കാശിയിലായിരിക്കണം എന്നു നിശ്ചയിച്ച് പത്നീസമേതനായി കാശിയ്ക്കു പുറപ്പെടുകയാണുണ്ടായത്. ഒരു ഗർഭകാലം അവിടെ വസിയ്ക്കണമെന്നും അതല്ലെങ്കിൽ അവിടെ മരണം സംഭവിക്കണമെന്നുമുള്ള ഉദ്ദേശ്യത്തോടുകൂടിയായിരുന്നു യാത്രതിരിച്ചത്. അച്ഛന്റെ ആഗ്രഹം സാധിപ്പാനായി മക്കളും ഓരോരുത്തരായി കാശിയിൽ കൂടെ താമസിയ്ക്കുവാൻ ഒരുക്കമായി. ദിവസേന കാലത്ത് ഗംഗാസ്നാനവും വിശ്വനാഥദർശനവുമായി നാലരമാസത്തോളം കഴിഞ്ഞു. ആയിടയ്ക്ക് കാശിയിൽവന്ന ജ്യോതിഷം അറിയാവുന്ന ജാമാതാവ് കുഞ്ഞുകുട്ടനോട് ആയുർവേദപ്രകാരം തന്റെ മരണസമയം ആയി എന്നും ജ്യോതിഷപ്രകാരം അതെന്നാണെന്ന് നോക്കി പറയണമെന്നും പറയുകയുണ്ടായി. ഏതായാലും താമസിയാതെ 1978 ഒക്ടോബർ 26-ാം തീയതി മുൻപുണ്ടായിരുന്ന ഹെർണിയയുടെ അസുഖം വർദ്ധിക്കുകയും സർജറി വേണ്ടി

വരുമെന്ന് ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. വിവരമറിയിച്ച് പുത്രൻ ഉണ്ണികൃഷ്ണൻ കാശിയിലേക്ക് പുറപ്പെട്ടുവെങ്കിലും അവിടെ എത്തുന്നതിനുമുമ്പ് ഒക്ടോബർ 28-ാം തീയതി പ്രഭാതത്തിൽ അദ്ദേഹത്തിന്റെ ആത്മാവ് പരമാത്മാവിൽ വിലയം പ്രാപിക്കുകയാണുണ്ടായത്. ഉച്ചയോടുകൂടി പുത്രൻ അവിടെ എത്തിയതിനുശേഷം പിതാവിന്റെ ആഗ്രഹപ്രകാരം മണികർണ്ണികാഘട്ടത്തിൽ സംസ്കാരിക്കുകയും ചെയ്തു.

ആ പരമാത്മാവിനെ പ്രണമിച്ചുകൊണ്ട് ഈ വിനീത പുത്രിയുടെ അനുസ്മരണം ഇവിടെ നിർത്തട്ടെ,

*തൃക്കോവിൽ രാമവാരിയരുടെ അഞ്ചാമത്തെ സന്താനമായ ഭാരതി ടീച്ചർ (83) സ്കൂൾതലം മുതലേ സംസ്കൃതം പഠിച്ചു. മഹാരാജാസ് കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കേരള സർവ്വകലാശാല എന്നിവിടങ്ങളിൽ പഠിച്ച് ബി.എ.,എം.എം., പി. എച്ച്.ഡി. ബിരുദങ്ങൾ നേടി. കേരളത്തിലെ വിവിധ കോളേജുകളിൽ മുപ്പത് കൊല്ലത്തിലധികം സംസ്കൃതം പഠിച്ചു. 1998 ൽ വിരമിച്ചു. ഇപ്പോൾ പൈങ്കുളത്ത് കിഴക്കേപ്പാട്ട് വാരിയത്ത് താമസിയ്ക്കുന്നു.*